## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3815 25.06.2013 ലെ മറുപടിയ്ക്ക്

## കെ.എസ്.എഫ്.ഇ.-യിലെ പരിഷ്കരണ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.യു. കുരുവിള | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കെ.എസ്.എഫ്.ഇ സംസ്ഥാനത്തെ ജനങ്ങൾ ക്ക് നൽകുന്ന മികച്ച സേവനം പരിഗണിച്ച് കൂടുതൽ സേവനങ്ങൾ നൽകത്തക്കവിധം പുതിയ പദ്ധതികൾ നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ ; | (എ) പരിസ്ഥിതി സൗഹൃദ, ഊർജ്ജക്ഷമതകൂടിയ ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും പാരമ്പര്യേതര ഊർജ്ജ ഉപഭോഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി സൗരോർജ്ജ വിളക്കുകൾ, താപീകരണികൾ തുടങ്ങിയവ വാങ്ങുന്നതിനും ജൈവവാതകപ്ലാന്റുകൾ ഗൃഹത്തിൽ സ്ഥാപിക്കുന്നതിനുമുള്ള പുതിയ വായ്പാ പദ്ധതിയായ **ഹരിതം വായ്പാപദ്ധതി** ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്.<br><br>ഉന്നത വിദ്യാഭ്യാസത്തിനുശേഷം അതിനനുസ്യൂതമായ തൊഴിൽ നേടുവാൻ വേണ്ട നിർണ്ണായകമായ ആശയവിനിമയ സാങ്കേതിക പരിജ്ഞാനത്തിനുള്ള കോഴ്സുകളിൽ ചേരുവാനുള്ള **നൈപുണ്യ വികസന വായ്പാ പദ്ധതി** ഈ സാമ്പത്തിക വർഷം തന്നെ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നു.<br><br>സാധാരണക്കാരായ ജനവിഭാഗങ്ങളുടെ മക്കൾക്ക് ചെറുപ്രായത്തിൽതന്നെ സമ്പാദ്യശീലവും സാമ്പ ത്തിക അച്ചടക്കവും വളർത്തി, 12-ാംതരം കഴിഞ്ഞുള്ള ഉന്നതവിദ്യാഭ്യാസത്തിന് ഉതകും വിധം തുക സമാഹരിച്ച് അവരെ സാമ്പത്തി കമായി സ്വയം പര്യാപ്തരാക്കുവാനുള്ള പുതിയ പദ്ധതിയായ **പ്രൊഫഷ്ണൽ എഡ്യുക്കെയർ ചിട്ടി** നടപ്പിലാക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. |

(ബി) കൂടുതൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനും വെസ്റ്റേൺ യൂണിയൻ മണി ട്രാൻസ്ഫർ, എ.ടി.എം തുടങ്ങിയ ധനകാര്യ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

(ബി) കെ.എസ്.എഫ്.ഇ. പുതിയ ബ്രാഞ്ചുകൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചുവരുന്നു.

വെസ്റ്റേൺ യൂണിയൻ മണിട്രാൻസ് ഫർ സംവിധാനം ഇപ്പോൾ കെ.എസ്.എഫ്.ഇ.യിൽ ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്.

ബാങ്കുകളുമായി സഹകരിച്ച് കെ.എസ്.എഫ്.ഇ. ഇടപാടുകാർക്ക് എ.ടി.എം. ഉൾപ്പടെയുള്ള ആധുനിക പണമിടപാട് സൗകര്യങ്ങൾ ഏർപ്പെടുത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.